പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

24.01.2018 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 551

## വ്യവസായ മേഖലയിലെ സാമ്പത്തിക മാന്ദ്യം

**ചോദ്യം**
ശ്രീ. പാറക്കൽ അബ്ദുല്ല.

**മറുപടി**
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) നോട്ട് നിരോധനവും ചരക്ക് സേവന നികുതിയും വഴി ഉണ്ടായ സാമ്പത്തിക മാന്ദ്യം വ്യവസായ മേഖലയെ ബാധിച്ചതായി കരുതുന്നുണ്ടോ ;

(എ) : സാമ്പത്തിക മാന്ദ്യം പരമ്പരാഗത വ്യവസായം ഉൾപ്പെടെയുള്ള വ്യവസായ മേഖലയെ ബാധിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ഏതാനും സ്റ്റീൽ കമ്പനികൾ അടച്ചു പൂട്ടുകയും 45 ഓളം സ്റ്റീൽ കമ്പനികളിലെ ഉൽപ്പാദനം പകുതിയായി കുറയുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ടോ ;

(ബി) : കഴിഞ്ഞൊരു 2 വർഷത്തിനിടയിൽ ഏതാനും സ്റ്റീൽ കമ്പനികൾ അടച്ചു പൂട്ടിയിട്ടുണ്ട്. ഡെവലപ്മെന്റ് പ്ലോട്ട് അനന്തപുരത്തെ വാളയാർ സ്റ്റീൽ കമ്പനി താൽക്കാലികമായി പ്രവർത്തനം നിർത്തിവച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ചെറുകിട-സ്വകാര്യ-ഇടത്തരം വ്യവസായ സംരംഭങ്ങളെയും പൊതു മേഖലാ സ്ഥാപനങ്ങളെയും സംരംക്ഷിക്കുന്നതിനും സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ ?

(സി) : ചെറുകിട സ്വകാര്യ - ഇടത്തരം വ്യവസായ സംരംഭങ്ങളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും സംരംക്ഷിക്കുന്നതിനും സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ഇ.എസ്.എസ്.-സ്റ്റാർട്ട് അപ് സബ്സിഡി പദ്ധതി, ടെക്നോളജി സപ്പോർട്ട് എന്നിവ നല്കി വരുന്നു. വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി ജില്ലാ തലത്തിൽ ഏകജാലക സംവിധാനം പ്രവർത്തിക്കുന്നു. വ്യവസായ സാധ്യതകൾ സംരംഭകരിലേക്ക് എത്തിക്കുന്നതിനായി വിവിധ സെമിനാറുകൾ, ടെക്നോളജി ക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയും സംഘടിപ്പിക്കുകയും കലാലയങ്ങൾ കേന്ദ്രീകരിച്ച് ഇ.ഡി.ക്ലബ്ബുകൾ രൂപീകരിച്ച് സാമ്പത്തിക സഹായം നല്കുകയും ചെയ്തു വരുന്നു. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ലൈസൻസുകളും, അനുമതികളും, വേഗത്തിലും സമയബന്ധിതവുമായി ലഭ്യമാക്കുന്നതിനുള്ള ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് പദ്ധതി അന്തിമ ഘട്ടത്തിലാണ്.

സംരംഭകർക്ക് കൈത്താങ്ങ് സഹായം നല്കുന്നതിന് മിനി ഇൻക്യുബേഷൻ സെന്റർ പ്രവർത്തിച്ചു വരുന്നു. നാനോ *സെക്ടർ* പ്രമോട്ട് ചെയ്യുവാൻ ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം ഫോർ നാനോ ഹൗസ് ഹോൾഡ് ഇൻഡസ്ട്രീസ് പദ്ധതിയും വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ഇ.പി.എഫ്./ഇ.എസ്.ഐ. വിഹിതത്തിന്റെ 75% റീ-ഇമ്പേഴ്സ് ചെയ്ത് നല്കുന്നതിനുള്ള പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നിയമപരമായ അനുമതി ലഭിക്കുന്നതിനുള്ള കടമ്പകൾ ലഘൂകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017" പുറത്തിറക്കിയിട്ടുണ്ട്. 'വ്യവസായ ജാലകം' എന്ന പദ്ധതി വഴി ഒരു ലക്ഷത്തി പതിനായിരത്തിൽപരം വ്യവസായ യൂണിറ്റുകളുടെയും ആയിരത്തോളം വ്യവസായ സ്ഥാപനങ്ങളുടെയും ജിയോ ടാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്നതരത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളുടേയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വ്യവസായ യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ ആധുനികവത്കരണം, അടിസ്ഥാന സൗകര്യ വികസനം, പൊതു സൗകര്യസേവനങ്ങളുടെ (സി.എഫ്.സി) നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യവികസനത്തിനായി പദ്ധതി നിലവിലുണ്ട് (പി.പി.പി). തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ലസ്റ്റർ വികസന പദ്ധതിയുടെ സി.എഫ്.സി. രൂപീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് സംരഭകത്വ സംസ്കാരം വളർത്തുന്നതിനായി സംരംഭകത്വ ബോധവത്കരണ പരിപാടികൾ, നിക്ഷേപ സംഗമങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിശീലനം, സംരഭകത്വ വികസന ക്ലബ്ബുകൾ,

സംരംഭകത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു. കൂടാതെ സംരംഭകർക്കായി സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങൾ നല്കുന്നതിനായി സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.) പി.എം.ഇ.ജി.പി. എന്നീ പദ്ധതികൾ നിലവിലുണ്ട്. കരകൗശല വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ്' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം അതിസൂക്ഷ്മ വ്യവസായങ്ങളിൽപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനസഹായം നല്കുന്നതിനായി നാനോ, ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പന്ന വികസനത്തിനും ഉല്പാദന പ്രക്രിയ നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതിയും 01.04.2017 ന ശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്. ഐ/ഇ.പി.എഫ് അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75% സർക്കാർ നല്കുന്നതിനുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് വൈദ്യുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് വിജയകരമായി മുന്നോട്ടുനീങ്ങുകയാണ്. കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ ഉപകരണങ്ങൾ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നിന്നു തന്നെ വാങ്ങുക എന്നതാണ് ഇതിൽ പ്രധാനപ്പെട്ടത്. കെ.എസ്.ഇ.ബി. -ക്ക് ആവശ്യമായ ട്രാൻസ്ഫോർമർ, മീറ്റർ, കേബിൾ എന്നിവ ട്രാക്കോ, കെൽ, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, ടെൽക്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നു വാങ്ങുന്നതു വഴി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ സാധിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഓഹരി മൂലധനമായും, വായ്പയായും, ഗ്രാന്റായും ധനസഹായം നല്കി വരുന്നു.

സെക്ഷൻ ഓഫീസർ.